**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.250 — 28.11.2018 ൽ മറുപടിക്ക്

## ആരോഗ്യ സുരക്ഷാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. പ്രദീപ്കുമാർ<br>,, വി. അബ്ദുറഹിമാൻ<br>,, ഡി.കെ. മുരളി<br>,, എം. രാജഗോപാലൻ | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എല്ലാവർക്കും ആരോഗ്യപരിചരണവും ആരോഗ്യ സുരക്ഷയും മിതമായ ചെലവിൽ ഉറപ്പാക്കുന്നതിനായി പൊതുമേഖലയിൽ നടത്തി വരുന്ന ഇടപെടലുകൾ വിശദമാക്കാമോ; | (എ) സർക്കാർ ആവിഷ്കരിച്ച ആർദ്രം പദ്ധതിയിലൂടെ എല്ലാവർക്കും പ്രാഥമികാരോഗ്യതലം മുതൽ തന്നെ മെച്ചപ്പെട്ട ചികിത്സാ സൗകര്യം സൗജന്യമായും മിതമായ നിരക്കിലും നൽകുന്നതിനു വേണ്ട വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഒന്നാം ഘട്ടം തിരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും അധിക തസ്തിക സൃഷ്ടിച്ചുകൊണ്ടും ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുകയും വഴി ടി സ്ഥാപനങ്ങളിൽ മെച്ചപ്പെട്ട ചികിത്സാ സംവിധാനം ഏർപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 155 എണ്ണം പ്രവർത്തനസജ്ജമായിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു. രണ്ടാം ഘട്ടത്തിൽ 503 സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ തിരഞ്ഞെടുത്തിട്ടുണ്ട്. ഓരോ ജില്ലയിലും രണ്ടു വീതം താലൂക്കാശുപത്രികളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തിരഞ്ഞെടുക്കപ്പെട്ട ജില്ലാ/ ജനറൽ ആശുപത്രികളിൽ ന്യൂറോളജി, നെഫ്രോളജി, കാർഡിയോളജി, യൂറോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.<br><br>കിഫ്ബി മുഖേന തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ കാത്ത് ലാബും ഡയാലിസിസ് യൂണിറ്റുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പ്രവർത്തികളിലൂടെ പൊതുമേഖലയിലെ ആരോഗ്യ സ്ഥാപനങ്ങളെ ആശ്രയിക്കുന്നവർക്ക് സൗജന്യമായും മിതമായ നിരക്കിലും മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭിക്കുന്നതാണ്.<br><br>കൂടാതെ യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പദ്ധതിയുടെ ഭാഗമായി കുട്ടികൾക്കും ഗർഭിണികൾക്കും രോഗപ്രതിരോധ കുത്തിവെപ്പുകൾ നടത്തി വരുന്നു. സർക്കാർ ആശുപത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, |

| | | | |
|---|---|---|---|
| | | | കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവ വഴി സൗജന്യമായാണ് വാക്സിനേഷൻ നടത്തുന്നത്.<br><br>ജെ.എസ്.എസ്.കെ പദ്ധതി പ്രകാരം ഗർഭിണികൾക്ക് പരിചരണവും ചികിത്സയും രോഗനിർണ്ണയ പരിശോധനകളും സൗജന്യമായി സർക്കാർ ആശുപത്രികൾ വഴി നൽകി വരുന്നു.<br><br>ജെ.എസ്.എസ്.കെ, ആർ.എസ്.ബി.കെ, ആരോഗ്യ കിരണം എന്നീ പദ്ധതികൾ പ്രകാരം 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ വഴി സൗജന്യ ചികിത്സ നൽകുന്നു.<br><br>ദേശീയ വിര നിവാരണ ദിനത്തിൽ( National deworming Day) ഒരു വയസ്സ് മുതൽ 19 വയസ്സുവരെയുള്ള കുട്ടികൾക്ക് വിരനിർമ്മാർജ്ജനം ചെയ്യുന്നതിനായി ആൽബന്റസോൾ ഗുളിക നൽകുന്നു. |
| (ബി) | ആർദ്രം മിഷന്റെ ഭാഗമായി പി.എച്ച്.സി. കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (ബി) | ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 155 എണ്ണം പ്രവർത്തനസജ്ജമായിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ച് വരുന്നു. ഇവിടങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുത്ത 503 ആരോഗ്യ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിച്ച് വരുന്നു. അടിസ്ഥാന സൗകര്യ വികസനത്തിനായി 203 സ്ഥാപനങ്ങൾക്കായി 28.55 കോടി രൂപ അനുവദിച്ച് തുടർനടപടികൾക്കായി എൻ.എച്ച്.എം-ന് കൈമാറിയിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനായി 7 കോടി രൂപയുടെ ഭരണാനുമതി നൽകി കെ.എം.എസ്.സി.എൽ വഴി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം തിരഞ്ഞെടുത്ത മറ്റ് കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്ക് നിർമ്മാണ പ്രവർത്തികൾ എൻ.എച്ച്.എം ഫണ്ട് വഴി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും കാൻസർ ഉൾപ്പെടെയുള്ള രോഗ പരിശോധന ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനം അറിയിക്കാമോ; | (സി) | സംസ്ഥാനത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെയും ജില്ലാ ക്യാൻസർ കേന്ദ്രങ്ങളിലൂടെയും നേരത്തെ കണ്ടെത്താവുന്നതും ചികിത്സിച്ച് ഭേദമാക്കാവുന്നതുമായ സ്തനാർബുദം , വദനാർബുദം, ഗർഭാശയ ഗളാർബുദം തുടങ്ങിയ ക്യാൻസറുകൾ കണ്ടെത്തുന്നതിന് സ്ക്രീനിംഗ് പദ്ധതികൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ച് വരുന്നു. ഇതിനുള്ള പരിശീലനം നൽകുന്നതിനും VIAVILI KIT -കൾ വാങ്ങുന്നതിനും papsmear പരിശോധന നടത്തുന്നതിനും നടപടി സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | കുട്ടികളുടെയും വനിതകളുടെയും ആരോഗ്യ പരിരക്ഷ ലക്ഷ്യമിട്ടുള്ള സമ്പുഷ്ട കേരളം പദ്ധതിയുടെ വിശദാംശം അറിയിക്കാമോ? | (ഡി) | രാജ്യത്തെ 0-6 വയസ്സ് വരെയുള്ള കുട്ടികളുടെയും കൗമാരക്കാരായ പെൺകുട്ടികളുടെയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും പോഷകമൂല്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ആരംഭിച്ച പദ്ധതിയാണ് പോഷൺ അഭിയാൻ (നാഷണൽ ന്യൂട്രീഷ്യൻ മിഷൻ). സംസ്ഥാനത്ത് സമ്പുഷ്ടകേരളം (കേരള സ്റ്റേറ്റ് ന്യൂട്രീഷ്യൻ മിഷൻ) എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ആദ്യഘട്ടത്തിൽ ടി പദ്ധതി മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. Stunting (0-6 വയസ്) - 6% കുറയ്ക്കുക<br>2. തൂക്കക്കുറവ് (0-6 വയസ്) - 6% കുറയ്ക്കുക<br>3. വിളർച്ച (6-59 മാസം) - 9% കുറയ്ക്കുക<br>4. വിളർച്ച (സ്ത്രീകളിലും കൗമാര പ്രായക്കാരായ പെൺകുട്ടികളിലും) 15-49) വയസ്സ് - 9% കുറയ്ക്കുക<br>5. ജനനഭാരക്കുറവ് (0-6 വയസ്സ്) - 6% കുറയ്ക്കുക<br>കൂടാതെ സമ്പൂർണ്ണ മുലയൂട്ടലിന്റെ നിരക്ക് വർദ്ധിപ്പിക്കുക, Obesity കുറയ്ക്കുക എന്നിവ കൂടി സമ്പുഷ്ട കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ